**മധുരമായ കുട്ടികളേ - സേവനത്തിന്റെ വൃദ്ധിക്ക് വേണ്ടി പുതിയ പുതിയ രീതികൾ കണ്ടെത്തൂ, ഗ്രാമ ഗ്രാമങ്ങളിൽ ചെന്ന് സേവനം ചെയ്യൂ, സേവനം ചെയ്യുന്നതിന് ജ്ഞാനത്തിന്റെ ഉന്നതാവസ്ഥ ആവശ്യമാണ്.**

**ചോദ്യം**-ബുദ്ധിയിൽ നിന്ന് പഴയ ലോകം മറന്ന് പോകണം - ഇതിനുള്ള സഹജ യുക്തി എന്താണ് ?
**ഉത്തരം -** ഇടക്കിടെ വീടിനെ ഓർമ്മിക്കൂ. ഇപ്പോൾ മൃത്യുലോകത്തിൽ നിന്ന് കണക്കുകൾ അവസാനിപ്പിച്ച് അമരലോകത്ത് പോകണം. ദേഹത്തിനോടും യാചകൻ, ഈ ദേഹവും തന്റേതല്ല - ഇങ്ങിനെ അഭ്യസിക്കുകയാണെങ്കിൽ പഴയ ലോകം മറന്ന് പോകും. ഈ പഴയ ലോകത്തിരുന്നും തന്റെ പരിപക്വ അവസ്ഥയുണ്ടാക്കണം. എകരസ സ്ഥിതിക്ക് വേണ്ടി പരിശ്രമിക്കണം.

**ഗീതം** -മാതാ ഓ മാതാ..........

ഓംശാന്തി. ഭാരതത്തിൽ ജഗദംബക്ക് വളരെ മഹിമയുണ്ട്. ഭാരതവാസികളല്ലാതെ ജഗത്അംബയേ ആരും അറിയില്ല. പേര് കേട്ടിട്ടുണ്ട്, അവരേ തന്നേയാണ് ഹവ്വ അതായത് ബീവി എന്ന് പറയുന്നത്. ബീവിയേയും, യജമാനനേയും കൂടാതെ രചന രചിക്കാൻ സാധിക്കില്ല എന്ന് ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉണ്ട്. തീർച്ചയായും ജഗത്അംബക്ക് പ്രത്യക്ഷമാകേണ്ടതുണ്ട്. തീർച്ചയായും ഉണ്ടായിരുന്നു അപ്പോഴാണ് മഹിമ പാടാൻ തുടങ്ങിയത്. ഭാരതത്തിന് വളരെ മഹിമയുണ്ട്. സ്വർഗം എന്നും പറയുന്നു, ഭാരതം തന്നേയാണ് പ്രാചീനം എന്നും അറിയാം, അതിനാൽ തീർച്ചയായും സ്വർഗം ഉണ്ടാകും. ഇത് നിങ്ങൾ ഈശ്വരീയ കുട്ടികളല്ലാതെ മറ്റാരും മനസിലാക്കില്ല. കൽപ്പം മുമ്പ് മനസിലാക്കിയവർ വന്ന് കൊണ്ടിരിക്കും. പ്രദർശിനി നടക്കുന്നു.കൽപ്പം മുമ്പും ചെയ്തിരുന്നു എന്ന് മനസിലാക്കുന്നു. എല്ലാവർക്കും മനസിലാക്കി കൊടുക്കുന്നതിന് വളരെ നല്ല വാക്കുകളാണുള്ളത്. പവിത്ര ആത്മാവ്, പവിത്രതയിലൂടെ നിങ്ങൾ പ്രകാശത്തിന്റെ കീരീടം നേടുന്നു. മറ്റൊന്ന് പുണ്യാത്മാവ്, ദാന പുണ്യങ്ങൾ ചെയ്യുന്നവരേയാണ് പുണ്യാത്മാക്കളായി പറയുന്നത്. അവരെ ഇംഗ്ലീഷിൽ ഫിലാന്ത്രോപിസ്റ്റ് (പരോപകാരി ) എന്നും പറയും. പവിത്രതയെ നിർവ്വികാരമായത് എന്നു പറയും. വേറെ വേറെ വാക്കുകളാണ്. ഭാരതത്തിൽ ദാന പുണ്യങ്ങൾ ധാരാളമുണ്ട് എന്നാൽ സാധാരണയായി ഗുരുവിനാണ് ദാനം ചെയ്യുന്നത്. അവരെ പവിത്ര ആത്മാ എന്ന് പറയാം എന്നാൽ പുണ്യാത്മാവ് എന്ന് പറയില്ല. അവർ ദാന-പുണ്യം ചെയ്യുന്നില്ല അവർ ദാനപുണ്യം സ്വീകരിക്കുകയാണ്. എങ്കിൽ ഇവയിൽ നിന്നെല്ലാം ബുദ്ധിയോഗം വിടുവിച്ച് ബാബയുമായി യോജിപ്പിക്കണം, ഇതിന് വേണ്ടി ഇത് ശരിയല്ല എന്ന് ബാബയ്ക്ക് മനസിലാക്കി തരേണ്ടി വരുന്നു. ഇവരേയെല്ലാം ഉയർത്തുന്നതിന് വേണ്ടി ഞാൻ വരുന്നു. നിങ്ങൾ ജ്ഞാനസാഗരനിൽ നിന്ന് പുറപ്പെടുന്ന ജ്ഞാനഗംഗകളാണ്. വാസ്തവത്തിൽ ഗംഗ എന്ന വാക്ക് ശരിയല്ല എന്നാൽ മഹിമ പാടി കൊണ്ടിരിക്കുന്നു, അതിനാൽ താരതമ്യപ്പെടുത്തിയിരിക്കുന്നു. ബാബ വന്ന് പഴയ ലോകത്തിലെ പഴയ എല്ലാ വസ്തുക്കളേയും പുതിയതാക്കുന്നു. സ്വർഗം പുതിയ വസ്തുവാണ്. പുതിയ വസ്തുവിന്റെ കാര്യങ്ങൾ ബാബയ്ക്ക് തന്നേയാണ് അറിയുക, ലോകർ അറിയുന്നില്ല.

ഭഗവാൻ ഉച്ചരിച്ചിട്ടുണ്ട് എന്നാൽ ഗീതയിൽ കൃഷ്ണന്റെ പേര് വെച്ചത് കാരണം എല്ലാവരുടെയും ബുദ്ധിയോഗം മുറിഞ്ഞ് പോയി, അതിനാൽ സർവ്വവ്യാപി എന്ന് പറഞ്ഞു. കൃഷ്ണനുമായി ധാരാളം പേർക്ക് ബുദ്ധിയോഗമുണ്ട്, ഗീതയേ ബഹുമാനിക്കുന്നിടത്തെല്ലാം കൃഷ്ണനേയും ബഹുമാനിക്കുന്നു. വാസ്തവത്തിൽ ബാബയുടെ മഹിമയുടെ കിരീടം കുട്ടികളിലാണ് ചാർത്തപ്പെട്ടിരിക്കുന്നത്. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. ഇത് ബാബ വന്ന് മനസിലാക്കി തരുന്നു.

ബാബ വീണ്ടും വീണ്ടും മനസിലാക്കി തരുന്നു - ആരെങ്കിലും വരികയാണെങ്കിൽ ഓരോരുത്തരുടെയും കർത്തവ്യം ചോദിക്കൂ ഇവരുമായി എന്ത് സംബന്ധമാണ് എന്നും. ബാബ ചോദ്യാവലി നന്നായി ഉണ്ടാക്കിയിട്ടുണ്ട്. സേവനം വളരെ നന്നായി നടക്കുന്നു. സേവനം ജഗദംബയുടെ ക്ഷേത്രത്തിൽ വളരെ നന്നായി നടക്കും, അവിടെ പോയി സൃഷ്ടിയെ രചിക്കുന്ന മാതാവായ ജഗദംബയാണ് ഇത് എന്ന് മനസിലാക്കി കൊടുക്കൂ. എങ്ങിനെയുള്ള ലോകമാണ് രചിക്കുന്നത് ?തീർച്ചയായും പുതിയ രചന രചിക്കും. ശരി, ഈ മാതാവിന്റെ പിതാവാരാണ് ?ഇവർക്ക് ആരാണ് ജന്മം നൽകിയത് ?ആളുകൾക്ക് മുഖവംശാവലി യുടെ അർത്ഥം പോലും അറിയില്ല. പരമപിതാ പരമാത്മാവാണ് ഇവർക്ക് ജന്മം നൽകിയത് എന്ന് നിങ്ങൾക്കറിയാം. നിങ്ങൾ കുട്ടികൾ തന്നേയാണ് മനസിലാക്കി കൊടുക്കേണ്ടത്. ജഗദംബ മുഖവംശാവലിയാണ് എന്നാൽ എങ്ങിനെ? പരമപിതാ പരമാത്മാവ് നിരാകാരനാണ്, ബ്രഹ്മാവിന്റെ

ശരീരത്തിലൂടെയാണ് മുഖവംശാവലിയാകുന്നത് എന്ന് മനസിലാക്കി കൊടുക്കണം. പരമപിതാ പരമാത്മാവ് എങ്ങിനെയാണ് വന്ന് ഈ ബ്രഹ്മാവിനെ ദത്തെടുത്തത് അതേ പോലെ മകളേയും ദത്തെടുത്തു. ഈ കാര്യങ്ങൾ എല്ലാവരുടെ ബുദ്ധിയിലും ഉറച്ച് നിൽക്കില്ല. ഇടക്കിടെ മറന്ന് പോകുന്നു. കുട്ടികൾക്ക് ധാരാളം സേവനം ചെയ്യാൻ സാധിക്കും. ജഗദംബയുടെ ക്ഷേത്രത്തിൽ വെച്ച് പരിചയം നൽകണം. എങ്കിൽ അവരുടെ ബുദ്ധിയോഗവും ബാബയുമായി ചേരും. ജഗദംബയും പരമാത്മാവുമായി യോഗം ചെയ്യുന്നു എങ്കിൽ നമ്മളും യോഗം ചെയ്യും. താഴെ ജഗദംബ തപസിൽ ഇരിക്കുന്നു, അവരുടെ ക്ഷേത്രം മുകളിലാണ്. താഴെ രാജയോഗത്തിന്റെ തപസ് ചെയ്ത് കൊണ്ടിരിക്കുന്നു പിന്നീട് സത്യയുഗത്തിൽ സ്വർഗത്തിലെ അധികാരിയായ രാജ രാജേശ്വരിയാകുന്നു. ഇപ്പോൾ കലിയുഗമാണ്. പിന്നീട് തപസിൽ ഇരിക്കുമ്പോൾ സ്വർഗത്തിലെ അധികാരിയാകുമല്ലോ. നിങ്ങളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവും ഇരിക്കണം. ഈ സത്യമായ മാർഗം ആളുകൾക്ക് നൽകി കൊണ്ടിരിക്കുന്നു. നിങ്ങൾ ഓരോരുത്തർക്കും പരിചയം നൽകുന്നു. എന്നാൽ എല്ലാവരുടെ ബുദ്ധിയിലും പെട്ടെന്ന് ഇരിക്കില്ല. സേവനത്തിൽ മുഴുകുകയാണെങ്കിൽ ഇരിക്കും. ചിത്രവും വളരെ നന്നായി ഉണ്ടാക്കിയിരിക്കുന്നു. ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തിൽ പോയി മനസിലാക്കി കൊടുക്കാം. ബാബ പറയുന്നു എന്റെ ഭക്തർക്ക് കേൾപ്പിച്ച് കൊടുക്കൂ. ഭക്തരെ തീർച്ചയായും ക്ഷേത്രങ്ങളിൽ നിന്ന് തന്നേയാണ് ലഭിക്കുക. ഈ ചിത്രത്തിൽ കാണുന്ന ലക്ഷ്മീ നാരായണനെ തന്നേയാണ് എല്ലാവരും സ്വർഗത്തിന്റെ അധികാരിയായിരുന്നവർ എന്ന് പറയുന്നത് എന്ന് അവർക്ക് സ്നേഹത്തോടെ മനസിലാക്കി കൊടുക്കൂ. ശരി, ഇപ്പോൾ എന്താണ് ? തീർച്ചയായും പറയും കലിയുഗം എന്ന്. കലിയുഗത്തിൽ ദു:ഖം തന്നെ ദു:ഖം പിന്നെ ഇവർക്കെങ്ങിനെ ചക്രവർത്തീ പദവി ലഭിച്ചു? നിങ്ങൾക്കറിയുമെങ്കിൽ എല്ലാവർക്കും കേൾപ്പിച്ച് കൊടുക്കാൻ സാധിക്കും. ഒരാൾക്ക് മനസിലാക്കി കൊടുക്കുകയാണെങ്കിൽ ഒരുമിച്ചൊരു സത്സംഗമാകും. പിന്നെ എല്ലാവരും ഞങ്ങളുടെ അടുക്കൽ വരൂ എന്ന് പറഞ്ഞ് കൊണ്ടിരിക്കും. ക്ഷേത്രങ്ങളിൽ വലിയ മേളകൾ നടക്കുന്നു. രാമന്റെ ക്ഷേത്രത്തിൽ ചെന്നും രാമന്റെ കർത്തവ്യത്തെക്കുറിച്ച് മനസിലാക്കി കൊടുക്കാം. മെല്ലെ മെല്ലെ യുക്തിയോടെ മനസിലാക്കി കൊടുക്കാം. ചില കുട്ടികൾ എഴുതാറുമുണ്ട് – ബാബാ, ഞങ്ങൾ ഇങ്ങിനെ ഇങ്ങിനെ മനസിലാക്കി കൊടുത്തു എന്ന്. ഒരാൾക്ക് മനസിലാക്കി കൊടുക്കുന്നതിലൂടെ പിന്നീട് വേറൊരു ക്ഷണം വരും, ഞങ്ങളുടെ വീട്ടിലും ഏഴ് ദിവസം പ്രഭാഷണം നടത്തുകയാണെങ്കിൽ നന്നായിരിക്കും പിന്നെ അവിടെ നിന്നും മറ്റാരെങ്കിലും വരും. ആര് ക്ഷണിച്ചാലും അവർ ഉപേക്ഷിച്ച് പോകാത്ത രീതിയിൽ മനസിലാക്കി കൊടുക്കണം. പ്രഭാഷണം നടത്തുന്നതിലൂടെ സമീപത്തുള്ളവരും, മിത്ര സംബന്ധികളും എല്ലാം ഒരുമിച്ച് വരും. ഇങ്ങിനെയാണ് വൃദ്ധി ഉണ്ടാകുന്നത്. സെന്ററിൽ അത്രയും പേർക്ക് വരാൻ സാധിക്കില്ല. ഇത് നല്ല യുക്തിയാണ്. അങ്ങിനെ പരിശ്രമിക്കണം. പരിശ്രമിക്കുന്നത് ആർക്കാണ് പ്രയാസമായി തോന്നുക. ജ്ഞാനത്തിന്റെ ഉന്നതിയിലെത്തണം. ബാബ എത്ര ദൂരെ നിന്നാണ് നമ്മളെ പഠിപ്പിക്കുവാൻ വരുന്നത്. സേവനം ചെയ്യുന്നില്ലെങ്കിൽ എങ്ങിനെ ഉയർന്ന പദവി നേടും ? സ്ക്കുളിൽ കുട്ടികൾ വളരെ തിളങ്ങുന്നവരായിരിക്കും, കുതിച്ച് കൊണ്ടിരിക്കും. ഇതും പഠിത്തമാണ്, ഇത് രസകരമായ പഠിത്തമാണ് – ഇതിൽ വൃദ്ധരും, യുവാക്കളും, കുട്ടികളും എല്ലാം പഠിക്കുന്നു. ദരിദ്രർക്ക് ഒന്ന് കൂടി നല്ല അവസരം ലഭിക്കുന്നു. സന്യാസിമാരും വാസ്തവത്തിൽ ദരിദ്രരാണ്. എത്ര വലിയ വലിയ ധനികരാണ് അവരുടെ അടുക്കലേക്ക് വിളിക്കുന്നത്. സന്യാസിമാർ വീടും കുടുംബവും ഉപേക്ഷിച്ച് യാചകരായിരിക്കുന്നു. ഇപ്പോൾ നിങ്ങളും യാചകരാണ് പിന്നീട് രാജകുമാരനാകും. അവരും യാചകരാണ്. ഇതിൽ പവിത്രത വേണം. നിങ്ങളുടെ പക്കൽ മറ്റൊന്നും ഇല്ല. നിങ്ങൾ ദേഹം പോലും മറക്കുന്നു. ദേഹ സഹിതം എല്ലാം ത്യജിച്ച് ഒരു ബാബയുടേതാകുന്നു. ഒരേയൊരു ബാബയെ എത്രമാത്രം ഓർമ്മിക്കുന്നുവോ അത്രയും ധാരണ ഉണ്ടാകും. ഏകരസത്തോടെ ധാരണയാകണമെങ്കിൽ അതിന് പരിശ്രമം വേണം. നമുക്ക് ബാബയുടെയടുക്കൽ പോകണം എങ്കിൽ ഈ പഴയ ലോകത്തേ കുറിച്ച് എന്ത് ചിന്തിക്കാനാണ്. പരിപക്വ അവസ്ഥ ആകുന്നതു വരെ ഈ പഴയ ലോകത്തും ശരിരത്തിലും വസിക്കണം.

ഇപ്പോൾ നിങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് പവിത്രമാകണം. ഈ മൃത്യുലോകത്ത് നിന്ന് കണക്കുകൾ അവസാനിപ്പിക്കണം. ഇപ്പോൾ അമരലോകത്ത് പോകണം. വീടിനെ ഇടക്കിടെ ഓർമ്മിക്കുന്നതിലൂടെ പഴയ ലോകത്തെ മറക്കും. പറയൂ, ഗീതയിൽ ബാബ എന്താണ് പറഞ്ഞിരിക്കുന്നത്. ഭഗവാനേയാണ് ബാബ എന്ന് പറയുന്നത്. നിരാകാരനായ ബാബ പറയുന്നു – എന്നെ മാത്രം ഓർമ്മിക്കൂ. യോഗാഗ്നിയിലൂടെ വികർമ്മം വിനാശമാകും. കൃഷ്ണനെ ഇങ്ങിനെ പറയാൻ കഴിയില്ല. ഈ പഴയ ലോകത്തേയും പഴയ ശരീരത്തേയും ഉപേക്ഷിക്കൂ എന്നത് ഭഗവാന്റെ മഹാവാക്യമാണ്. ദേഹീ അഭിമാനിയായി നിരന്തരം ബാബയെ ഓർമ്മിക്കൂ. ഭഗവാൻ നിരാകാരനാണ്. ആത്മാവ് ശരീരമെടുത്ത് സംസാരിക്കുന്നു. ബാബ ഗർഭത്തിലൂടെ ജന്മം എടുക്കുന്നില്ല. ശിവൻ എന്നത് മാത്രമാണ് ആ ബാബയുടെ പേര്. ബ്രഹ്മാവ്, വിഷ്ണു, ശങ്കരന്റെ ആത്മാക്കളുണ്ട്, അവർക്ക് അവരുടെ സൂക്ഷ്മ ശരീരമുണ്ട്. ഇത് നിരാകാരനായ പരമപിതാ പരമാത്മാവാണ്.

പിന്നെയുള്ള പേരാണ് ശിവൻ എന്നത്. ശിവൻ ജ്ഞാനസാഗരനാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരനെ രചയിതാവ് എന്ന് പറയില്ല. രചയിതാവ് എന്ന് ഒരേയൊരു നിരാകാരനേ മാത്രമെ പറയൂ. നിരാകാരൻ പിന്നെ എങ്ങിനെ സാകാര രചന രചിക്കും ? അതിനാൽ ബ്രഹ്മാവിലൂടെ വന്ന് മനസിലാക്കി തരുന്നു. കൃഷ്ണനാകുക സാധ്യമല്ല. ബ്രഹ്മാവിന്റെ കൈയ്യിൽ തന്നേയാണ് വേദശാസ്ത്രങ്ങൾ കാണിച്ചിരിക്കുന്നത്. ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് പാടിയിട്ടുമുണ്ട്, ബ്രഹ്മാവിലൂടെ മുഴുവൻ ശാസ്ത്രങ്ങളുടെ സാരവും കേൾപ്പിക്കുന്നു. നിരാകാരൻ സാകാരനിലൂടെ കേൾപ്പിക്കുന്നു. ഈ കാര്യങ്ങൾ നല്ല രീതിയിൽ ധാരണ ചെയ്യണം. ഭഗവാനുവാച – ഞാൻ രാജയോഗം പഠിപ്പിക്കുന്നു. വിനാശത്തിന് മുമ്പ് തീർച്ചയായും സ്ഥാപനയും വേണം. ഏറ്റവും ആദ്യം സ്ഥാപന. വളരെ വ്യക്തമായി എഴുതി വെച്ചിരിക്കുന്നു . ബ്രഹ്മാവിലൂടെ സൂര്യവംശീ കുടുംബത്തിന്റെ സ്ഥാപന. എഴുത്തിൽ വളരെ നല്ല രഹസ്യമുണ്ട് എന്നാൽ ചിലർ വളരെ പരിശ്രമിച്ചാണ് സേവനത്തിൽ മുഴുകുന്നത്. സേവനത്തിൽ മുഴുകുന്നതിലൂടെ പിന്നെ സന്തോഷം തോന്നും. മമ്മാ – ബാബയ്ക്കും സേവനത്തിൽ സന്തോഷം വരുന്നു. കുട്ടികളും സേവനം ചെയ്യണം, മമ്മയെ ക്ഷേത്രത്തിൽ കൊണ്ട് പോകില്ല. മമ്മയ്ക്ക് വളരെ വലിയ മഹിമയുണ്ട്, കുട്ടികൾ പോകുക തന്നെ വേണം. ബാബ പറയുന്നു വാനപ്രസ്ഥികളുടെ അടുക്കൽ ചെന്ന് താങ്കൾ എപ്പോഴെങ്കിലും ഗീത വായിച്ചിട്ടുണ്ടോ എന്ന് ചോദിക്കൂ പിന്നീട് മനസിലാക്കി കൊടുക്കൂ. ഗീതയുടെ ഭഗവാൻ ആരാണ് ? ഭഗവാൻ ഒരേയൊരു നിരാ കാരനാണ്. സാകാരനെ ഭഗവാൻ എന്ന് പറയില്ല. ഭഗവാൻ ഒന്ന് മാത്രമാണ്. ഇതിന് സേവനത്തിന്റെ വിചാരസാഗരമഥനം വേണം. അഭ്യസിക്കണം അതിനാൽ പുറത്ത് പോയി ട്രയൽ നോക്കണം. ജഗദംബയുടെ ദർശനത്തിന് വേണ്ടി ദിവസവും വരുന്നു. ത്രിവേണിയിലും ആളുകൾ ധാരാളം പോകുന്നു. അവിടേയും പോയി സേവനം ചെയ്യാം, പ്രഭാഷണം നടത്താം, കൂട്ടമായി വന്ന് ഒരുമിച്ച് നിൽക്കും. ഞങ്ങളുടെ അടുക്കൽ വന്ന് സത്സംഗം ചെയ്യൂ എന്ന് പറഞ്ഞ് ക്ഷണിച്ച് കൊണ്ടിരിക്കും. ബാബയ്ക്കും,മമ്മയ്ക്കും എവിടേയും പോകാൻ കഴിയില്ല, കുട്ടികൾക്ക് പോകാൻ കഴിയും. ബംഗാളിൽ കാളിയുടെ മന്ദിരമുണ്ട് അവിടേയും ധാരാളം സേവനം ചെയ്യാം. കാളിയാരാണ് ?ഇതിനേ കുറിച്ച് സംസാരിക്കൂ. എന്നാൽ ധൈര്യം വേണം ആർക്ക് മനസിലാക്കി കൊടുക്കാൻ കഴിയും എന്ന് ബാബയ്ക്കറിയാം. ദേഹാഭിമാനമുള്ളവർക്ക് എന്ത് സേവനമാണ് ചെയ്യാൻ കഴിയുക ? സേവനത്തിന്റെ തെളിവ് നൽകുന്നില്ല. സേവനം പൂർണമായി ചെയ്യുന്നില്ലെങ്കിൽ പേര് മോശമാക്കും. യോഗികളിൽ നല്ല ശക്തിയുണ്ടായിരിക്കും. മനസിലാക്കി കൊടുക്കുന്നതിന് ധാരാളം പോയന്റുകൾ നൽകി കൊണ്ടിരിക്കും. എന്നാൽ നല്ല നല്ല മഹാരഥികൾ പോലും മറന്ന് പോകുന്നു. സേവനം ധാരാളമുണ്ട്, ഇതിനേയാണ് പരിധിയില്ലാത്ത സേവനം എന്ന് പറയുന്നത് പിന്നീടവർ വളരെ ബഹുമാനവും നേടുന്നു. പവിത്രതയാണ് മുഖ്യമായ കാര്യം. പോകെ പോകെ മുറിഞ്ഞ് പോകുന്നു. ലൗകീക അച്ഛനിൽ നിന്ന് ആർക്കും ഒരിക്കലും നിശ്ചയം മുറിഞ്ഞ് പോകുന്നില്ല. ഇവിടെ ബാബയുടെ അടുക്കൽ ജന്മമെടുക്കുന്നു. വിചിത്രനായത് കാരണം ഇങ്ങിനേയുള്ള ബാബയെ ഇടക്കിടെ മറന്ന് പോകുന്നു കാരണം ഈ ബാബയ്ക്ക് ചിത്രമില്ല. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ നിങ്ങൾ പവിത്രമാകൂ എങ്കിൽ എന്റെ അടുക്കൽ വന്ന് ചേരും. ആത്മാവ് ഞങ്ങൾ തന്നേയാണ് 84 ജന്മമെടുത്തത് പാർട്ടഭിനയിക്കുന്നത് എന്ന് മനസിലാക്കുന്നു. ആത്മാവിൽ പാർട്ടടങ്ങിയിരിക്കുന്നു. ശരീരത്തിൽ പാർട്ടേ ഇല്ല. ഇത്രയും ചെറിയ ആത്മാവിൽ എത്ര വലിയ പാർട്ടാണ് !ബുദ്ധിയിൽ എത്ര വലിയ ലഹരിയുണ്ടാകണം, ജോലിയോടൊപ്പം ഈ സേവനവും ചെയ്യാൻ സാധിക്കും. അച്ഛനും അമ്മയും എവിടേയും പോകില്ല. കുട്ടികൾക്ക് എവിടെ പോയും സേവനം ചെയ്യാം. കുട്ടികളേ തന്നേയാണ് ഭാഗ്യ നക്ഷത്രം എന്ന് പറയുന്നത്. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം –

1. ദേഹാഭിമാനമുപേക്ഷിച്ച് സേവനം ചെയ്യണം. വിചാരസാഗരമഥനം ചെയ്ത് പരിധിയില്ലാത്ത സേവനത്തിന്റെ തെളിവ് നൽകണം.

2. ഈ മൃത്യുലോകത്ത് നിന്ന് പഴയ എല്ലാ കണക്കുകളും തീർക്കണം. പഴയ ദേഹവും പഴയ ലോകവും ബുദ്ധിയിൽ നിന്ന് മറക്കണം.

**വരദാനം:- ഒന്നിന്റെ സ്മൃതിയിലൂടെ ഏകരസ സ്ഥിതി ഉണ്ടാക്കുന്നവരായ ഉയർന്ന പദവിക്ക് അധികാരിയായി ഭവിക്കട്ടെ.**

ഏകരസ സ്ഥിതി ഉണ്ടാക്കുന്നതിന് വേണ്ടി സദാ ഒന്നിന്റെ സ്മൃതിയിൽ സ്ഥിതി ചെയ്യൂ. അഥവാ ഒന്നിന് പകരം രണ്ടാമതാരെയെങ്കിലും ഓർമ്മ വരികയാണെങ്കിൽ ഏകരസത്തിന് പകരം ബഹുരസ സ്ഥിതി ആയിപ്പോകും. ഏത് സമയം മറ്റേതെങ്കിലും രസം ആകർഷിക്കുന്നുവോ ആ സമയത്ത് അഥവാ നിങ്ങളുടെ അന്തിമ സമയമായിപ്പോയാൽ ഉയർന്ന പദവി ലഭിക്കുക സാദ്ധ്യമല്ല, അതിനാൽ ഓരോ സെക്കന്റും അറ്റൻഷൻ വെക്കൂ. സദാ ഒന്നിന്റെ പാഠം പക്കാ ആക്കൂ, ഒരു ബാബ, ഒരേ ഒരു സംഗമ സമയമാണ്, ഒപ്പം ഏകരസസ്ഥിതിയിലിരിക്കണം എങ്കിൽ ഉയർന്ന പദവിയുടെ അധികാരം ലഭിക്കും.

**സ്ലോഗൻ:- ശുദ്ധസങ്കൽപ്പങ്ങളാകുന്ന ഭോജനം സ്വീകരിക്കുന്നവർ തന്നെയാണ് സത്യം-സത്യമായ വൈഷ്ണവർ.**